(സി) ടൂറിസം സൊസൈറ്റികളുടെ രജിസ്ട്രേഷന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കാമോ?

പ്രാഥമിക ടൂറിസം സംഘങ്ങളുടെ പ്രവർത്തന പരിധി ഒരു താലൂക്കായി നിജപ്പെടുത്തിയിട്ടുണ്ട്.

**പ്രാഥമിക കാർഷിക സംഘങ്ങളുടെ നവീകരണം**

247(3679) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ നവീകരണത്തിനും ആധുനികവത്കരണത്തിനുമായി നബാർഡ് മുഖാന്തരം എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അറിയിക്കാമോ?

നബാർഡിന്റെ സ്പെഷ്യൽ റീ-ഫിനാൻസ് ഫെസിലിറ്റി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ മൾട്ടി സർവ്വീസ് സെന്ററുകളായി മാറ്റുന്നതിനുള്ള PACS as MSC എന്ന ഒരു പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയുടെ പലിശ 4% ആണ്. കൂടാതെ ഇതേ പദ്ധതിയെതന്നെ കേന്ദ്രാവിഷ്കൃത പദ്ധതിയായ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയിൽ കൂടി ഉൾപ്പെടുത്തി 3% പലിശ സബ്വെൻഷൻ കൂടി ലഭ്യമാക്കുന്നു. സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 7 വർഷ കാലാവധിയുള്ള ടേം ലോണുകളായിട്ടാണ് വായ്പ അനുവദിക്കുന്നത്. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് വിപണനം, കാർഷിക സംസ്കരണം, ആരോഗ്യസഹകരണം മുതലായവയ്ക്ക് നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല വികസനനിധി പദ്ധതി (RIDF) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്.

**പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ**

248(3680) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ആകെ 851 സംഘങ്ങളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ 410 എണ്ണം ആണ്. ടി സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly